(ബി) കേസന്വേഷണം അന്വേഷണഘട്ടത്തിലാണ് കേസുമായി ബന്ധപ്പെട്ട രേഖകൾ ബന്ധവസിൽ എടുത്തുവരുന്നു. മറ്റുവിശദവിവരങ്ങൾ ഈ സമയം വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(സി) 30-ൽപ്പരം സാക്ഷികളെ ചോദ്യം ചെയ്യുകഴിഞ്ഞു. കൂടുതൽ സാക്ഷികളെ ചോദ്യം ചെയ്യാനുണ്ട്. കേസുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല

(ഡി) മന്ത്രി ശ്രീ. കെ. എം. മാണിയ്ക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരുന്നു. മറ്റു കാര്യങ്ങൾ അന്വേഷണാവസ്ഥയിലുള്ള കേസിനെക്കുറിച്ച് ഈ ഘട്ടത്തിൽ വെളിപ്പടുത്തുവാൻ നിർവ്വാഹമില്ല.

(ഇ) അന്വേഷണഘട്ടത്തിലുള്ള കേസിലെ വിശദവിവരങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി

13 (*13) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരമായി എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണിക്കപ്പെട്ടതെന്ന് വിശദമാക്കുമോ;

(ബി) ഗുരുതര പ്രതിസന്ധി പരിഹരിക്കുന്ന കാര്യത്തിൽ അംഗീകൃത ട്രേഡ് യൂണിയനുകളുടെ ഭാഗത്തുനിന്നും എന്തൊക്കെ വിട്ടുവീഴ്ചാ നിർദ്ദേശങ്ങൾ ഉണ്ടായി എന്നു വ്യക്തമാക്കുമോ;

(സി) പ്രശ്നപരിഹാരത്തിനു മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ഉരുത്തിരിഞ്ഞ പ്രായോഗിക നിർദ്ദേശങ്ങളുടെ നടപ്പാക്കൽ സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള മോണിറ്ററിംഗ് സംവിധാനം എന്താണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരമായി 22-12-2014-ന് ബഹു. മുഖ്യമന്ത്രി വിളിച്ച് ചേർത്ത യോഗത്തിൽ പരിഗണിക്കപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

1. ഏപ്രിൽ 1 മുതൽ കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണത്തിന് പെൻഷൻ ഫണ്ട് രൂപീകരിക്കുന്നു. ഇതിനായി ഓരോ മാസവും 20 കോടി രൂപ കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ നിക്ഷേപിക്കും. കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ ഇത്തരത്തിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് തത്തുല്യ തുക സർക്കാർ നോൺ പ്ലാൻ വിഹിതമായി (ഒരു വർഷം പരമാവധി 240 കോടി രൂപ) അനുവദിക്കും.

2. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള സർക്കാർ വായ്പാ ബാദ്ധ്യത മൂലധന നിക്ഷേപമാക്കി മാറ്റും.

3. കെ.എസ്.ആർ.ടി.സി.-യുടെ ബാദ്ധ്യത തീർക്കുന്നതിന് 200 കോടി രൂപയുടെ അധിക വായ്പയ്ക്ക് സർക്കാർ ഗ്യാരന്റി നൽകും.

വരുമാനം വർദ്ധിപ്പിക്കുന്നതിനായി ചുവടെ സൂചിപ്പിക്കുന്നതിൻ പ്രകാരമുള്ള നടപടി സ്വീകരിക്കും :

1. കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും കോർപ്പറേഷൻ എടുത്ത വായ്പയുടെ മറ്റ് ബാങ്കുകളിലേക്ക് കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല തിരിച്ചടവ് കാലാവധിയുള്ള വായ്പയാക്കി മാറ്റും.

2. സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കി പ്രതിദിനം 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ കളക്ഷൻ വർദ്ധിപ്പിക്കും.

3. നഷ്ടത്തിലോടുന്ന 25% ഷെഡ്യൂളുകൾ നിർത്തലാക്കി ലാഭകരമായി പുനഃക്രമീകരിക്കും.

4. ഇതിനുപുറമേ മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കും.

LIBRARY ARCHIVES Kerala Legislative Assembly

5. കെ.എസ്.ആർ.ടി.സി.യുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നത് സംബന്ധിച്ച് ആവശ്യമായ വിദഗ്ധ പഠനം നടത്തി 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്തതിനുശേഷം സമഗ്രമായ പുനരുദ്ധരണ പാക്കേജ് നടപ്പിലാക്കും.

6. നാളിതുവരെ പ്രഖ്യാപിച്ചതിനുപരിയായി ഇനിമുതൽ കൂടുതൽ കൺസഷനുകൾ അനുവദിക്കുന്നതല്ല.

(ബി) കോർപ്പറേഷന്റെ നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അംഗീകൃത തൊഴിലാളി സംഘടനകൾ പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്തിട്ടുണ്ട്.

(സി) 22-12-2014-ൽ ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ കോർപ്പറേഷൻ നടപ്പിലാക്കി വരികയാണ്. വിശദാംശങ്ങൾ ചുവടെ സൂചിപ്പിക്കുന്നു :

1. ഡിസംബർ മാസത്തെ പെൻഷൻ തുക യോഗതീരുമാന പ്രകാരം 24-12-2014-ന് തന്നെ വിതരണം ചെയ്തു. ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പെൻഷൻ തുകയും (15,000 രൂപ വരെ) അതതു മാസങ്ങളിൽതന്നെ വിതരണം ചെയ്യുകയുണ്ടായി.

2. എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനായി സർക്കാർ ഗ്യാരന്റി ആവശ്യപ്പെട്ട് സർക്കാരിനെ കോർപ്പറേഷൻ സമീപിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

3. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പ മറ്റു പൊതുമേഖലാ ബാങ്കുകളിലേക്ക് ദീർഘകാല വായ്പയാക്കി മാറ്റുന്നതിനായി ഉപദേശക സ്ഥാപനമായി M/s SBI CAPITAL MARKETS Ltd. എന്ന സ്ഥാപനത്തെ കോർപ്പറേഷൻ നിയോഗിച്ചു. ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച Financial Information Memorandum തയ്യാറാക്കി വായ്പ ലഭ്യമാക്കുന്നതിനായി പൊതുമേഖലാ ബാങ്കുകൾക്ക് സമർപ്പിച്ചുകഴിഞ്ഞു.

4. സർക്കാർ വായ്പ മൂലധന നിക്ഷേപമാക്കി മാറ്റുന്നതിലേക്കായി കോർപ്പറേഷൻ സമർപ്പിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

5. കെ.എസ്.ആർ.ടി.സി. ബസുകളിലെ യാത്രക്കാരിൽ നിന്നും സാമൂഹിക സുരക്ഷാ സെസ് ഇനത്തിൽ തുക ഈടാക്കുക വഴി എല്ലാ യാത്രക്കാർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതാണ്.

6. നഷ്ടത്തിലോടുന്ന സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭത്തിലാക്കുക വഴി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നതാണ്.

7. ബസ് ജീവനക്കാർ അനുപാതം ദേശീയ ശരാശരിയ്ക്ക് ഒപ്പമാക്കുക, ആയതിലൂടെ ചെലവ് ചുരുക്കാൻ കഴിയും.

8. കൊറിയർ സർവ്വീസ്, പാഴ്സൽ സർവ്വീസ്, പബ്ലിക്ക് ഇൻഫർമേഷൻ സിസ്റ്റം, ബാങ്ക് എ.റ്റി.എം, ഇന്ത്യൻ കോഫി ഹൗസ് എന്നിവയിലൂടെ ടിക്കറ്റ് ഇതര റവന്യൂ വരുമാനം വർദ്ധിക്കുന്നതാണ്.

9. ആധുനിക ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതുവഴി റവന്യൂ ഇതര വരുമാനം വർദ്ധിക്കുന്നതാണ്.

10. മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരാനായി മിഡിൽ ലെവൽ മാനേജ്മെന്റിലേയ്ക്ക് 40% പേരെ നേരിട്ട് റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികൾ കേരള പി.എസ്.സി. മുഖേന നടന്നു വരുന്നു.

ടി വിഷയത്തിലെ പുരോഗതി മാനേജ്മെന്റ് പ്രതിനിധികളും, യൂണിയൻ പ്രതിനിധികളും ഉൾപ്പെട്ട ഒരു സമിതി ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് വിലയിരുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

വനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണം

14 (*14) ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. ആർ . സെൽവരാജ് :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങളുടെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly